96/2019/ആ.കു.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. അപേക്ഷ തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്കാണ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി തസ്തികയിൽ ഒഴിവുവരുന്ന മുറയ്ക്ക് ടിയാന് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കാൻ നടപടി

208 (3235) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പിൽ ഒപ്റ്റോമെട്രിസ്റ്റിന്റെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

(ബി) ആരോഗ്യ വകുപ്പിൽ പുതുതായി സൃഷ്ടിച്ച 1200 തസ്തികകളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ ദേശീയ അന്ധതാ നിവാരണ പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി ഓപ്റ്റോമെട്രിസ്റ്റുമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി)ആരോഗ്യവകുപ്പിൽ 1200 തസ്തികകൾ സൃഷ്ടിക്കാൻ തത്വത്തിൽ തീരുമാനിച്ചതിൽ ആദ്യഘട്ടത്തിൽ 300 തസ്തികകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക ഉൾപ്പെട്ടിട്ടില്ല. ദേശീയ അന്ധതാ നിവാരണ പരിപാടിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ താൽക്കാലികാടിസ്ഥാനത്തിൽ നാല് ഒപ്റ്റോമെട്രിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്.

ലാബ് ടെക്നീഷ്യൻ തസ്തികയിലെ ഒഴിവുകൾ

209 (3236) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly